**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തീരത്ത് എത്തുന്ന മദർ വെസലുകളുടെയും വൻകിട കപ്പലുകളുടെയും അറ്റകുറ്റപ്പണികൾക്കായി സൗകര്യമൊരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും തരത്തിലുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തുറമുഖ പരിസരത്ത് ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടങ്ങളും തുറമുഖ ഭൂമിയും പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മാതൃകയിൽ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായ സാധ്യതകൾ എന്നിവ മുൻനിർത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുഖേനയുള്ള ബിസിനസ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തിനായി ലോജിസ്റ്റിക്സ് മേഖലയിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഭൂമിക്കായുള്ള അപേക്ഷ കൾ ലഭിച്ചിട്ടുണ്ട്.<br><br>തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, CFS, വെയർ ഹൗസുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ, FTWZ തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br><br>അതോടൊപ്പം, IOCL സഹകരണ ത്തോടെ ബങ്കറിംഗ് സേവനങ്ങൾ ആരംഭിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായി ട്ടുണ്ട്. Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്.<br><br>വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനു ണ്ടെങ്കിലും, ഒന്നാം ഘട്ടത്തിൽ തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ–ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കി മാറ്റുകയും അതുവഴി |

| | | | |
|---|---|---|---|
| | | | തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നിക്ഷേപാ ന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ക്രൂയിസ് കപ്പലുകൾ വരാനുള്ള സാധ്യതകളും ഉണ്ടാകും. ഇതുവഴി ടൂറിസം മേഖലയ്ക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ